(എച്ച്) പാലത്തിനു പൊക്കം കുറഞ്ഞുപോയതുകൊണ്ടു് ഇരുവശവും റോഡു് വളരെയധികം വെട്ടി താഴ്ത്തേണ്ടതായി വന്നിട്ടുണ്ടോ;

(ഐ) ടി പാലത്തിന്റെ plan and design ഉണ്ടാക്കിയതു് ഏതുദ്യോഗസ്ഥനാണു്?

ഉത്തരം.

(എ) കുറുപ്പഴ കനാൽ തുറക്കുന്നതിനു് ഇനിയും ഉദ്ദേശം രണ്ടു കൊല്ലം താമസം വരും.

(ബി) ഉണ്ടു്.

(സി) തൽക്കാലം വേണ്ട നടപടി സ്വീകരിക്കാൻ കോട്ടയം എക്സിക്യൂട്ടീവു് എൻജിനീയരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഡി) അല്ല. കരാറുകാരന്റെ പണി തീരാത്തതുകൊണ്ടാണു് കനാൽ തുറക്കാത്തതു്.

(ഇ) ആറുമാസമായി.

(എഫ്) 2400 അടി.

(ജി) 17,850. രൂപ

(എച്ച്) പാലത്തിനു്, രണ്ടുവശത്തുമുള്ള റോഡു് ലവലിൽനിന്നു് പൊക്കം കുറവായതിനാൽ റോഡുവെട്ടി താഴ്ത്തേണ്ടതായി വന്നിട്ടുണ്ടു്.

(ഐ) ചീഫ് എൻജിനീയരാണു്.

ഇലക്ട്രിക് എക്സ്റ്റൻഷൻ

108. [49] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാട്ടിലേക്കുള്ള ഇലക്ട്രിക്കു് എക്സ്റ്റൻഷന്റെ വല്ല പണിയും ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണു്;

(സി) എന്നത്തേക്കു് പ്രസ്തുത പണി ആരംഭിക്കും?

ഉത്തരം.

(എ) ആനിക്കാട്ടിലേക്കു് ഇലക്ട്രിക്കു്ലൈൻ നീട്ടുന്ന പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി. സി.) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിക്കു് സബ്ബു് സ്റ്റേഷനു് സ്ഥലം.

109. [51] ശ്രീ. എം. എം മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ മീന്തലക്കരയുള്ള സി. എം. എസ്സു്. വക സ്ഥലം ഇലക്ട്രിക്കു് സബ്ബുസ്റ്റേഷനായി പൊന്നുംവിലയ്ക്കെടുക്കുവാൻ ഗവണ്മെന്റു് ശ്രമിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥലം എടുക്കുന്നതിനെപ്പറ്റി അവിടെ കുടികിടപ്പുകാരായ പലയർ പരാതിപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly